ലൈക് പേജ്


ബഷീർ തൃപ്പനച്ചി

basheerudheentp@gmail.com


പാർട്ടിക്ക് ബോധ്യപ്പെടാത്ത പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ടുകൾ നടപ്പിലാക്കണമെന്നാവശ്യപ്പെടുന്നവർ കപട പരിസ്ഥിതിവാദികളാകുന്നു. അവർക്ക് നേതൃത്വം കൊടുക്കുന്നത് മതരാഷ്ട്രവാദികളാണ്. ആയതിനാൽ പരിസ്ഥിതി സംരക്ഷണമൊരു മതമൗലികവാദമാകുന്നു.

# പരിസ്ഥിതി സംരക്ഷണമെന്നത് ഒരു മതമൗലികവാദമാണ്

**എരിയും ചൂട്ടുകളേന്തിത്താരകൾ**
**വരിയായ് മുകളിൽ പോകുമ്പോൾ**
**ചോരതുടിക്കും ചെറുകയ്യുകളേ**
**പേറുക വന്നീ പന്തങ്ങൾ**
**-വൈലോപ്പിള്ളി**

കപട പരിസ്ഥിതിവാദമെന്ന വാക്ക് ഒരു ഇടതുപക്ഷ ശകാരമാണ്. മതമൗലികവാദികൾക്കെതിരെയാണ് ആ തെറി പ്രയോഗം അവർ സാധാരണ എടുത്തെറിയാറുള്ളത്. ആ പദശരീരഘടന ഒട്ടേറെ അവകാശവാദങ്ങളുടെ അർഥഗർഭം പേറുന്നുണ്ട്. പരിസ്ഥിതിയും മതവും എതിർപക്ഷങ്ങളിൽ നിലയുറപ്പിക്കേണ്ട ദർശനങ്ങളാണെന്ന ധ്വനിയാണ് അതിലെ ആദ്യ വിവരക്കേട്. മതത്തെയും പരിസ്ഥിതിയെയും നിർവചിക്കാനുള്ള പേറ്റന്റ് ജന്മാവകാശമായി തങ്ങൾക്കവകാശപ്പെട്ടതാണെന്ന ഫ്യൂഡൽ ധാർഷ്ട്യവും അതിലടക്കം ചെയ്തിട്ടുണ്ട്. തങ്ങൾ ഒപ്പുവെച്ച് നൽകിയ 'ചുവന്ന ഐ.എസ്.ഒ സർട്ടിഫിക്കറ്റ്' പ്രദർശിപ്പിക്കാത്ത പരിസ്ഥിതി ചർച്ചകളും സമരങ്ങളുമെല്ലാം കപടവും വ്യാജവുമാണെന്ന അന്തിമവിധി ഉണ്ടാകുന്നത് ഈ ജന്മിത്വ മാടമ്പി ബോധം അലങ്കാരമായി എടുത്തണിഞ്ഞത് കൊണ്ടാണ്. കാലാകാലങ്ങളിൽ പാർട്ടി സെക്രട്ടേറിയറ്റ് ചേർന്ന് തീരുമാനിക്കേണ്ടതാണ് അതതുകാലത്തെ കേരളത്തിന്റെ പരിസ്ഥിതി പാഠങ്ങൾ! ആ പാഠാവലികൾക്ക് പുറത്ത് പരിസ്ഥിതി അനുരാഗത്തിന്റെ വിത്തിറക്കുന്നവർ വർഗവഞ്ചകരാണ്. വലതുപക്ഷ ബൂർഷ്വാസികളും മൂരാച്ചികളും പിന്തിരിപ്പന്മാരുമാണ്! നേരെ ചൊവ്വെ പറഞ്ഞാൽ പാർട്ടിക്ക് ബോധ്യപ്പെടാത്ത പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ടുകൾ നടപ്പിലാക്കണമെന്നാവശ്യപ്പെടുന്നവർ കപട പരിസ്ഥിതിവാദികളാകുന്നു. അവർക്ക് നേതൃത്വം കൊടുക്കുന്നത് മതരാഷ്ട്രവാദികളാണ്. ആയതിനാൽ പരിസ്ഥിതി സംരക്ഷണമൊരു മതമൗലികവാദമാകുന്നു. അതിനാൽ തന്നെ അത് സംസ്ഥാനം നേരിടുന്ന തീവ്രവാദ ഭീഷണിയാണ്. കഴിഞ്ഞ ഭരണകാലത്ത് പാർട്ടി നടപ്പിലാക്കിയ പല 'പരിസ്ഥിതിസൗഹൃദ' വികസനങ്ങളും പോക്കറ്റ് വികസനം ലക്ഷ്യമിട്ടതും പരിസ്ഥിതി ചൂഷണം നിറഞ്ഞതുമായിരുന്നുവെന്ന വ്യാജ വാർത്തകൾ നിർമിച്ചെടുക്കുന്നത് ഈ മതമൗലികവാദികൾ നിയന്ത്രിക്കുന്ന മാധ്യമ സിണ്ടിക്കേറ്റുകളാണ്. ഈ പാർട്ടിയെപ്പറ്റി ഒരു ചുക്കും ചുണ്ണാമ്പും അറിയാത്തവരാണ് അത് ഏറ്റു പിടിക്കുന്നത്. അതാരൊക്കെയാണെന്ന് പാർട്ടിക്ക് നല്ലവണ്ണം അറിയാം. അവർക്കെല്ലാം നല്ല നമസ്കാരം നേരുന്നു.







കേരളത്തിന്റെ കാടുകളെയും മലകളെയും പുഴകളെയും കടലിനെയും പൂഴിയെയും ഖനിജങ്ങളെയും ഈ മതമൗലികവാദ ഒളിയജണ്ടകളുടെ വർഗീയ നീരാളിക്കൈകളിൽ നിന്ന് മോചിപ്പിച്ച് അതിന്റെ 'യഥാർഥ അവകാശികൾക്ക്' ഏൽപ്പിച്ചുകൊടുക്കണമെന്നാണ് പാർട്ടിക്ക് കേരളീയ സമൂഹത്തോട് ആവശ്യപ്പെടാനുള്ളത്. 'നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്ന വിപ്ലവ കവിവാക്യത്തെ നെഞ്ചേറ്റി, കരിമണൽ അത് ഊറ്റാൻ ശേഷിയുള്ളവർക്കും, ഖനിജങ്ങൾ ഖനനം ചെയ്യാൻ കോപ്പുള്ളവർക്കും, മലകളും പാറമടകളും അത് തുരക്കാൻ കെൽപുള്ളവർക്കും സ്വന്തമാകുന്ന ഒരു നല്ല കാലത്തിന് വേണ്ടിയാണ് പാർട്ടി പണിയെടുക്കുന്നത്. ആ ലക്ഷ്യം നിറവേറ്റുന്നതിന് ഇടതു-വലതു പക്ഷ ഭേദമന്യെ ബഹുജനങ്ങളെ അണിനിരത്തുകയെന്നത് പാർട്ടിയുടെ ബാധ്യതയാണ്. ക്വാറി -ഖനിജ വ്യവസായികളും റിസോർട്ട് മുതലാളിമാരും കൈയേറ്റ കർഷകരും പള്ളിയും പട്ടക്കാരും മാണിയും കോൺഗ്രസുമെല്ലാം ചേർന്നതാണല്ലോ ബഹുജനം. അതുകൊണ്ട് വിപ്ലവം അരമനയിലെ പ്രഭാത ഭക്ഷണത്തിൽ നിന്ന് ആരംഭിച്ച് റിസോർട്ടിലെ അത്താഴത്തിനു ശേഷം സുഖനിദ്ര പ്രാപിക്കുന്നതാണ്. വോട്ടുബാങ്ക് ജനാധിപത്യ രാജ്യത്ത് വിപ്ലവം വരുന്ന വഴി ഇങ്ങനെയൊക്കെയാണെന്ന് തിരിച്ചറിയാത്തവരാരോ അവരാണ് കുലംകുത്തികൾ. അവർക്ക് എന്നന്നേക്കുമായി ലാൽ സലാം. ■